പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം 2005 -ൽ 9 ലക്ഷം കണക്ഷനുകൾ ഉള്ളപ്പോഴാണ് അവസാനമായി പരിഷ്കരിച്ചത്. കണക്ഷനുകളുടെ എണ്ണം 30 ലക്ഷത്തിലേയ്ക്ക് വർധിച്ചതുകൊണ്ടും 16 വർഷമായി പ്രതിദിന റീഡിംഗുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താത്തതുകൊണ്ടും 31-12-2020-ൽ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും അംഗീകൃത യൂണിയനുകളുടെ എതിർപ്പുമൂലം നടപ്പിലാക്കാതെ താൽകാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(ഡി) കോവിഡ് വ്യാപന പശ്ചാത്തലത്തിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ വിശദമാക്കുമോ?

ഉണ്ട്. 7-5-2021 മുതൽ 23-5-2021 വരെ കോവിഡ് വ്യാപനം രൂക്ഷമായതിനാൽ മീറ്റർ റീഡിംഗ് നീർത്തിവച്ചിരുന്നു. 24-5-2021 മുതൽ മീറ്റർ റീഡിങ് എടുക്കുന്നത് കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വേണമെന്നും വീടുകളിൽ പോയി മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഫോൺ/വാട്സാപ്പ് മെസ്സേജ് വഴി റീഡിംഗ് ശേഖരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) വൈദ്യുതി ബോർഡിൽ ഏർപ്പെടുത്തിയ മാതൃകയിൽ വാട്ടർചാർജ്ജ് ഈടാക്കുന്നതിനുള്ള സംവിധാനം വാട്ടർ അതോറിറ്റിയും ഒരുക്കുമോ?

നിലവിൽ ജല അതോറിറ്റിയിൽ വാട്ടർ ചാർജ് അടയ്ക്കാൻ KSEB യിലെ പോലെ ഓൺലൈൻ സംവിധാനം നിലവിലുണ്ട് .

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

177(682) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര; ഏതൊക്കെ വിഭാഗങ്ങളിൽനിന്നും; തരംതിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക 2067.25 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗങ്ങൾ	രൂപ.(കോടി)
ഗാർഹികം	316.79
ഗാർഹികേതരം	941.96
വ്യവസായികം	8.83
മറ്റുള്ളവ	62.04
LSGD	737.63
Total	2067.25

(ബി) കേരള വാട്ടർ അതോറിറ്റിക്ക് എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളത്; അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്ര; ഇതുമൂലം അതോറിറ്റിയുടെ നഷ്ടം എത്ര; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് 28.62 ലക്ഷം ഗാർഹിക കണക്ഷനുകളാണുള്ളത്. ഇതിൽ 70538 എണ്ണം പ്രവർത്തന രഹിതമായ മീറ്ററുകളാണ്. മീറ്റർ പ്രവർത്തന രഹിതമാകുമ്പോൾ അവസാന താരിഫിലുള്ള വാട്ടർചാർജ് ആണ് സർചാർജ്ജിനോടൊപ്പം ഈടാക്കുന്നത്. അങ്ങനെ വരുമ്പോൾ പ്രവർത്തന രഹിതമായ മീറ്ററിൽനിന്ന് ഉപഭോക്താവ് കൂടുതൽ വെള്ളം ഉപയോഗിക്കുകയാണെങ്കിൽ അത് എത്രത്തോളമാണെന്ന് അറിയാൻ സാധിക്കുന്നില്ല. ഇതുമൂലം എത്ര നഷ്ടം വരുന്നുവെന്നത് കണക്കാക്കാൻ കഴിയില്ല. മീറ്ററുകൾ പ്രവർത്തനരഹിതമാകുമ്പോൾ ഉടൻ തന്നെ മാറ്റി സ്ഥാപിക്കണമെന്ന് കാണിച്ച് ഉപഭോക്താവിന് അറിയിപ്പ് നൽകാറുണ്ട്.

(സി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം (അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച) പ്രതിദിനം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ചുള്ള വിശദമായ പഠനം നടത്തിയിട്ടില്ല. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിനെ പക്കൽ എത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിതജലമായാണ് (Non-Revenue Water) കണക്കാക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലത്തിന്റെ അളവ് (Non - Revenue Water) ഏകദേശം 40 % -45%ത്തോളം ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൗതിക നഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial loss) ഉൾപ്പെടുന്നു. അതോറിറ്റിയെ സംബന്ധിച്ച് ഇവ വേർതിരിച്ച് നിർണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ആകെയുള്ള വരുമാനരഹിത ജലത്തിൽ 20%- 25% ശതമാനം മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്

(ഡി) ഇതുമൂലം എത്ര തുകയുടെ നഷ്ടം വരുമെന്ന് കണക്കാക്കുന്നു; ഇതു പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ പ്രതിദിന കുടിവെള്ള ഉത്പാദനം 2800 MLD യാണ്. കേരള വാട്ടർ അതോറിറ്റിയിലെ വരുമാനരഹിത ജലത്തിന്റെ അളവ് ഉദ്ദേശം 40 % - 45 % ശതമാനമാണ് എന്നാണ് നിലവിൽ ബിൽ ചെയ്യുന്ന കണക്കുകൾ പ്രകാരം അനുമാനിക്കുന്നത്. ഇത് പൂർണമായും കുറയ്ക്കുവാൻ സാധിക്കില്ല. എന്നാൽ ആഗോളതലത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നത് വരുമാന രഹിത ജലത്തിന്റെ അളവ് 20 % വരെ കുറച്ചു കൊണ്ടുവരാം എന്നാണ്. അതിൻപ്രകാരം വാട്ടർ അതോറിറ്റിക്ക് ഉള്ള വരുമാന ജലത്തിന്റെ അളവ് നിലവിൽ 20%-25% കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ നോക്കുകയാണെങ്കിൽ പ്രതിദിനം ഏകദേശം 550 MLD മുതൽ 700 MLD വരെ ജലനഷ്ടം ഉണ്ടാകുന്നുണ്ട്. നിലവിലെ താരിഫ് പ്രകാരമാണെങ്കിൽ ഇത്തരത്തിൽ ഉണ്ടാകുന്ന പ്രതിദിന നഷ്ടം ശരാശരി 60 ലക്ഷം രൂപ വരും. ആയത് ഭൗതിക നഷ്ടവും വാണിജ്യനഷ്ടവും ചേർന്നതാകയാൽ ഭൗതിക നഷ്ടത്തിൽപ്പെടുത്താവുന്ന ജല ചോർച്ച കാരണമുള്ള നഷ്ടം ഇതിന്റെ പകുതിയോളമേ വരൂ. ജലനഷ്ടം പരിഹരിക്കുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഫ്ലോ മീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്. എല്ലാ റീജിയണുകളിലും ലീക്ക് ഡിറ്റക്ഷൻ & സർവൈലൻസ് സ്ക്വാഡ് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിക്കാനും സംവിധാനമുണ്ട്. പൊതുജനങ്ങൾക്ക് ഇത്തരം പരാതികൾ രജിസ്റ്റർ ചെയ്യാനും ലീക്കുകൾ പരിഹരിക്കുന്നതുവരെ നിരീക്ഷിക്കാനുമായി ജല അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ മീറ്റർ പോളിസി രൂപീകരിച്ചിട്ടുണ്ട്.